2024
MAY
28
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## മുല്ലപ്പെരിയാർ: തമിഴ്നാടിന്റെ എതിർപ്പ് മറികടക്കാൻ കേരളം

**തിരുവനന്തപുരം:** മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമിക്കാനുള്ള കേരളത്തിന്റെ നീക്കത്തിനെതിരെ തമിഴ്നാട് ശക്തമായി പ്രതിഷേധം ഉയർത്തുന്നതിനിടെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർണായക യോഗം നാളെ ചേരും. പഴയ അണക്കെട്ട് പൊളിച്ചുനീക്കി പുതിയ അണക്കെട്ട് നിർമിക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചു നൽകണമെന്ന കേരളത്തിന്റെ ആവശ്യം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ വിലയിരുത്തൽ സമിതി യോഗം പരിഗണിക്കും. പുതിയ അണക്കെട്ട് സംബന്ധിച്ച് ജനുവരിയിൽ കേരളം സമർപ്പിച്ച പദ്ധതി പരിസ്ഥിതി മന്ത്രാലയം വിദഗ്ധ വിലയിരുത്തൽ സമിതിക്കു വിടുകയായിരുന്നു.

പുതിയ അണക്കെട്ടുമായി ബന്ധപ്പെട്ട് പഠനം നടത്താൻ കേരളത്തെ അനുവദിക്കരുതെന്നു ചൂണ്ടിക്കാട്ടി എം.കെ.സ്റ്റാലിൻ കേന്ദ്ര പരിസ്ഥിതി മന്ത്രി ഭുപേന്ദർ യാദവിനെ സമീപിച്ചിട്ടുണ്ട്. നൂറ്റാണ്ടിലേറെ പഴക്കമുള്ള നിലവിലെ അണക്കെട്ടിന്റെ അപകടാവസ്ഥയും അതിശക്തമായ മഴയും അണക്കെട്ടിന്റെ താഴ്ഭാഗത്തു താമസിക്കുന്ന ആയിരക്കണക്കിനാളുകളുടെ സുരക്ഷയുമാണ് കേരളം പ്രധാനമായും യോഗത്തിൽ ചൂണ്ടിക്കാട്ടുക. സംരക്ഷിത മേഖലയായി വിജ്ഞാപനം ചെയ്തിട്ടുള്ള പെരിയാർ ടൈഗർ റിസർവ് സോണിലാണ് പുതിയ അണക്കെട്ട് നിർമിക്കാൻ ഉദ്ദേശിക്കുന്നത്. ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ, കുമളി പഞ്ചായത്തിലാണ് മുല്ലപ്പെരിയാർ അണക്കെട്ട്. ഇവിടെനിന്നു 366 മീറ്റർ താഴെയാണ് പുതിയ ഡാമിനായി കേരളം സ്ഥലം കണ്ടെത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ കാറ്റഗറി 'എ' പ്രകാരം മുൻകൂട്ടി പരിസ്ഥിതി അനുമതി ആവശ്യമാണ്. പുതിയ അണക്കെട്ടിന് പരിസ്ഥിതി അനുമതി ലഭിക്കാൻ പരിസ്ഥിതി ആഘാത പഠനം അനിവാര്യമാണെന്നും കേരളം ചൂണ്ടിക്കാട്ടുന്നു. പുതിയ കണക്കെട്ടിനായി പരിസ്ഥിതി ആഘാത പഠനം നടത്താൻ നാഷനൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ സ്റ്റാൻഡിങ് കമ്മിറ്റി 2014 ഡിസംബർ മൂന്നിന് തന്നെ കേരളത്തിന് അനുമതി നൽകിയിട്ടുണ്ട്. പഠനം നടത്താൻ അനുവദിക്കരുതെന്നും എൻബിഡബ്ല്യുഎൽ ഉത്തരവ് പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് തമിഴ്നാട് 2015ൽ സമർപ്പിച്ച ഹർജി 2016ൽ സുപ്രീംകോടതി തള്ളുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ഉയർത്തി സ്റ്റാലിൻ കേന്ദ്ര സർക്കാരിനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണെന്നും കേരളം വ്യക്തമാക്കുന്നു.

# കശ്മീരിനു വൈകാതെ സംസ്ഥാന പദവി നൽകും

**ന്യൂഡൽഹി:** ജമ്മു കശ്മീരിൽ ലോക്സഭാ തിരഞ്ഞെടുപ്പിലുണ്ടായ ഉയർന്ന വോട്ടിങ് ശതമാനം നിയമസഭാ തിരഞ്ഞെടുപ്പിനു വഴിയൊരുക്കുന്നു. ഇപ്പോൾ കേന്ദ്രഭരണ പ്രദേശമായ കശ്മീരിനു വൈകാതെ സംസ്ഥാന പദവി തിരികെ നൽകുമെന്നു കേന്ദ്രസർക്കാർ വൃത്തങ്ങൾ സൂചിപ്പിച്ചു.

സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ സുപ്രീം കോടതി നേരത്തേ നിർദേശിച്ച സെപ്റ്റംബർ 30നുള്ളിൽ കശ്മീരിൽ തിരഞ്ഞെടുപ്പുണ്ടായേക്കും. സുരക്ഷാ സാഹചര്യങ്ങൾ ഒത്തുവന്നാൽ സെപ്റ്റംബറിൽ തിരഞ്ഞെടുപ്പു നടക്കുമെന്ന് തിരഞ്ഞെടുപ്പു കമ്മിഷൻ വൃത്തങ്ങളും പറഞ്ഞു. ആഭ്യന്തരമന്ത്രി അമിത് ഷാ അടുത്തിടെ നടത്തിയ പ്രസംഗങ്ങളിലും സെപ്റ്റംബറിൽ സംസ്ഥാന നിയമസഭയിലേക്കു തിരഞ്ഞെടുപ്പുണ്ടാകുമെന്നു സൂചിപ്പിച്ചിരുന്നു. സംസ്ഥാന പദവി തിരിച്ചുനൽകാനുള്ള നടപടികളും എടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പിന്നാക്ക സമുദായങ്ങളുടെ സർവേ പൂർത്തിയായാലേ സംവരണ മണ്ഡലങ്ങൾ സംബന്ധിച്ചു തീരുമാനമെടുക്കാനാവൂ എന്നതിനാലാണ് സെപ്റ്റംബർ വരെ നീളുന്നത് എന്നറിയുന്നു.



മണ്ഡല വിഭജനം നേരത്തേ തന്നെ പൂർത്തിയായിരുന്നു. കഴിഞ്ഞ ഡിസംബറിലാണ് സെപ്റ്റംബർ 30നുള്ളിൽ തിരഞ്ഞെടുപ്പു നടത്തണമെന്ന് സുപ്രീം കോടതി നിർദേശിച്ചത്. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ 35 വർഷത്തിനിടെയുണ്ടായ ഏറ്റവും വലിയ പോളിങ്ങാണ് കശ്മീരിൽ രേഖപ്പെടുത്തിയത്. മത്സരിക്കുന്ന സ്ഥാനാർഥികളുടെ എണ്ണത്തിലും 25 ശതമാനത്തോളം വർധനയുണ്ടായി. 5 ലോക്സഭാ മണ്ഡലങ്ങളിലുമായി ആകെ 58.46% പോളിങ്ങാണ് ഉണ്ടായത്. താഴ്വരയിലെ ശ്രീനഗർ, ബാരാമുള്ള, അനന്ത്നാഗ്, രജൗരി എന്നിവിടങ്ങളിൽ ഇത്തവണ യഥാക്രമം 38.49%, 59.1%, 54.84% എന്നിങ്ങനെയായിരുന്നു പോളിങ്. മൂന്നു ദശകത്തിലെ ഏറ്റവും ഉയർന്ന പോളിങ്ങാണിതെന്ന് തിരഞ്ഞെടുപ്പു കമ്മിഷൻ വൃത്തങ്ങൾ പറഞ്ഞു. ജമ്മു മേഖലയിലെ ഉധംപുരിൽ 68.27%, ജമ്മുവിൽ 72.22% എന്നിങ്ങനെയായിരുന്നു പോളിങ്.

സമാധാനം പുനഃസ്ഥാപിക്കപ്പെട്ടാൽ പൂർണ സംസ്ഥാന പദവി തിരിച്ചു നൽകുമെന്ന് കേന്ദ്രം വ്യക്തമാക്കിയിരുന്നു. മണ്ഡല വിഭജനത്തിനു ശേഷം ജമ്മു കശ്മീർ നിയമസഭയിൽ 114 സീറ്റുകളാണുള്ളത്. ഇതിൽ 24 എണ്ണം പാക്ക് അധിനിവേശ കശ്മീരിലാണുള്ളത്. അതും ഇന്ത്യയുടെ ഭാഗമെന്ന നിലയ്ക്കാണു സീറ്റ് വിഭജനം നടത്തിയിരിക്കുന്നത്.

# പലിശ നിരക്കുകൾ കുറച്ചേക്കും

**കൊച്ചി:** പ്രതീക്ഷിച്ചതിലും നേരത്തേ കാലവർഷം എത്തിയതിനാൽ അടുത്ത വർഷം ജനുവരിയിൽ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കുകൾ കുറച്ചേക്കും. സാമ്പത്തിക മേഖല മികച്ച വളർച്ച നേടുകയാണെങ്കിലും വായ്പകളുടെ പലിശ ഉയർന്ന് നിൽക്കുന്നതിനാൽ കമ്പനികളുടെ ലാഭക്ഷമത കുറയുകയാണെന്ന ആശങ്ക ശക്തമാണ്. ഇതോടൊപ്പം വായ്പാ തിരിച്ചടവ് ബാധ്യത കൂടിയതിനാൽ കൺസ്യൂമർ ഉത്പന്നങ്ങളുടെ വിപണിയും കടുത്ത സമ്മർദം നേരിടുന്നു. വിപണിയിലെ പണലഭ്യത വർധിപ്പിക്കാൻ അടിയന്തരമായി റിപ്പോ നിരക്കിൽ കുറവ് വരുത്തണമെന്ന് അനലിസ്റ്റുകളും ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഉപഭോക്തൃ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം നാല് ശതമാനത്തിൽ മുകളിൽ മാസങ്ങളായി തുടരുന്നതിനാൽ പലിശ കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ലെന്നാണ് റിസർവ് ബാങ്കിൻറെ നിലപാട്. ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റമാണ് നാണയപ്പെരുപ്പം കൂടാനുള്ള പ്രധാന കാരണമായി വിലയിരുത്തുന്നത്.




എന്നാൽ ഇത്തവണ കാലവർഷം സാധാരണയിലും മികച്ചതാകുമെന്ന് കാലാവസ്ഥാ വകുപ്പ് സൂചന നൽകിയതോടെ സാമ്പത്തിക മേഖല ആവേശത്തിലായി. ജനുവരി മാസത്തിന് ശേഷം മുഖ്യ പലിശ നിരക്കായ റിപ്പോ റിസർവ് ബാങ്ക് അര ശതമാനം വരെ കുറച്ചേക്കുമെന്ന് പ്രമുഖ റേറ്റിങ് ഏജൻസി ഫിച്ച് ഇന്നലെ പ്രത്യാശ പ്രകടിപ്പിച്ചു.

മഴയുടെ ലഭ്യത കൂടിയാൽ കാർഷിക ഉത്പാദനം മെച്ചപ്പെടുമെന്ന് കർഷകർ കരുതുന്നു. അതിഉഷ്ണവും കാലാവസ്ഥാ വ്യതിയാനവും കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യയുടെ കാർഷിക ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചതിനാലാണ് ഭക്ഷ്യ ഉത്പന്നങ്ങളുടെ വിലക്കയറ്റം രൂക്ഷമായത്. കാലാവസ്ഥ അനുകൂലമായാൽ ഉത്പാദനം മെച്ചപ്പെടുമെന്നതിനാൽ അരി, ഗോതമ്പ്, ഉള്ളി, പച്ചക്കറികൾ, ധാന്യങ്ങൾ, പഞ്ചസാര എന്നിവയുടെ വില സാധാരണ നിലയിലേക്ക് എത്തുമെന്നാണ് വിലയിരുത്തുന്നത്. ഏപ്രിലിൽ ഇന്ത്യയുടെ ഉപഭോക്തൃ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം 4.83 ശതമാനമായി ഉയർന്നിരുന്നു. നാണയപ്പെരുപ്പം രണ്ട് ശതമാനത്തിലേക്ക് താഴ്ന്നാൽ മാത്രമേ റിസർവ് ബാങ്ക് പലിശ കുറയ്ക്കാനുള്ള തീരുമാനം എടുക്കൂവെന്നാണ് അനലിസ്റ്റുകൾ പറയുന്നത്.

2022 മേയിൽ നാണയപ്പെരുപ്പം ആറ് ശതമാനത്തിന് മുകളിലെത്തിയതോടെയാണ് റിസർവ് ബാങ്ക് പലിശ വർധനാ നടപടികൾക്ക് തുടക്കമിട്ടത്. ഇതിന് ശേഷം കഴിഞ്ഞ വർഷം ഫെബ്രുവരി വരെയുള്ള കാലയളവിൽ റിസർവ് ബാങ്ക് മുഖ്യ നിരക്കായ റിപ്പോ 2.5 ശതമാനം വർധിപ്പിച്ച് 6.5 ശതമാനമാക്കിയിരുന്നു.





സെന്ന അഗസ്റ്റിൻ, എ അർച്ചന, കെ ആർ രവീണ, ഭാവനാ ബിജു, എസ് പൂജ

# എംജി സർവ്വകലാശാല പരീക്ഷ; ഒമ്പത് റാങ്കുമായി കെഎംഎം കോളജ്; തല ഉയർത്തി എറണാകുളം



നസ്നീൻ റിയാദ്, വി എം ഷഹനാസ് കെ.എസ് സഹല, എസ് സൂര്യകിരൺ

**കൊച്ചി:** എം.ജി സർവ്വകലാശാല ബിരുദ പരീക്ഷയിൽ ഒന്നാം റാങ്ക് അടക്കം എറണാകുളം ജില്ലയിൽ ഏറ്റവും അധികം റാങ്കുകൾ കരസ്ഥമാക്കി തൃക്കാക്കര കെഎംഎം കോളജ് മാറിയപ്പോൾ എറണാകുളം ജില്ലയ്ക്കും അഭിമാനം. വിവിധ കോഴ്സുകളിൽ പരീക്ഷ എഴുതിയ കെഎംഎം കോളജിലെ ഒമ്പതു വിദ്യാർഥികളാണ് ഒന്ന്, രണ്ട്, നാല്, അഞ്ച് ഉൾപ്പെടെയുള്ള റാങ്കുകൾ കരസ്ഥമാക്കി ജില്ലയുടെ അഭിമാനമായി മാറിയത്. ഒമ്പതു റാങ്കുകളിൽ എട്ടും പെൺകുട്ടികളാണ് നേടിയത്.ബി.എസ്.സി. അപ്പാരൽ ആൻഡ് ഫാഷൻ ഡിസൈനിംഗ് കോഴ്സിൽ സെന്ന അഗസ്റ്റിനാണ് ഒന്നാം റാങ്ക് നേടിയത്. എ അർച്ചന രണ്ടാം റാങ്കും, കെ ആർ രവീണ നാലാം റാങ്കും, ഭാവനാ ബിജു അഞ്ചാം റാങ്കും നേടി. ബി.എസ്.സി. മാത്സ് പരീക്ഷയിൽ ഒന്നാം റാങ്ക് അടക്കം മൂന്നു റാങ്കുകൾ കെ.എം.എം കോളജിലെ വിദ്യാർഥികൾ നേടി. എസ് പൂജയ്ക്കാണ് ഒന്നാം റാങ്ക്, നസ്നീൻ റിയാദ് ഒമ്പതാം റാങ്കും വി എം ഷഹനാസ് പത്താം റാങ്കും കരസ്ഥമാക്കി.ബി.സി.എയിൽ കെ എസ് സഹല അഞ്ചാം റാങ്കും, ബി.എസ്.സി സൈബർ ഫോറൻസികിൽ ടി എസ് സൂര്യകിരൺ അഞ്ചാം റാങ്കും സ്വന്തമാക്കി.കഴിഞ്ഞ വർഷവും കെ.എം.എം കോളജിലെ വിദ്യാർഥികൾ വിവിധ വിഷയങ്ങളിൽ റാങ്കുകൾ സ്വന്തമാക്കിയിരുന്നു. എറണാകുളം ജില്ലയ്ക്കും കോളജിനും അഭിമാനമായി മാറിയ റാങ്ക് ജേതാക്കളെയും അധ്യാപകരെയും കോളജ് മാനേജ്മെന്റ് അഭിനന്ദിച്ചു. 12 ബിരുദ കോഴ്സുകളും, 11 ബിരുദാനന്തര കോഴ്സുകളുമാണ് നിലവിൽ തൃക്കാക്കര കെഎംഎം കോളജിലുള്ളത്. പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച കുട്ടികൾക്ക് റുക്കിയമ്മ സ്കോളർഷിപ്പിന്റെ സഹായത്താൽ ഇഷ്ട കോഴ്സ് പഠിക്കാനുള്ള അവസരവും മാനേജ്മെന്റ് ഇവിടെ ഒരുക്കിയിട്ടുണ്ട്.

# എം എസ് സി മാരയുടെ ബെർത്തിംഗ്; നേട്ടംകുറിച്ച് ഡിപിവേൾഡ് കൊച്ചി




**കൊച്ചി :**സ്മാർട്ട് എൻഡ് ടുഎൻഡ് സപ്ലൈ ചെയിൻ സൊല്യൂഷനുകളുടെ മുൻനിര ആഗോള ദാതാക്കളായ ഡിപി വേൾഡ്, ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലി (ഐസിടിടി)ലൂടെ എക്കാലത്തെയും വലിയ കണ്ടെയ്നർ കപ്പലായ എം എസ് സി മാരയുടെ ബെർത്തിംഗിലൂടെ ഉജ്ജ്വലനേട്ടം കൈവരിച്ചു. 364 മീറ്റർനീളവും 51 മീറ്റർവീതിയും 15,934 ടിഇയു കപ്പാസിറ്റിയുമുള്ള എം എസ് സി മാര ഇന്ത്യൻതുറമുഖത്ത് ഡോക്ക് ചെയ്യുന്ന ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളിലൊന്നാണ്. കൂടാതെ ഇന്ത്യയിലെ ആദ്യ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായ കൊച്ചി ഐസിടിടിയിൽ ബെർത്ത് ചെയ്യുന്ന ഏറ്റവും വലിയ കപ്പലുമാണിത്.

എം എസ് സി മാര യുടെ ബർത്തിംഗോടെ ഡിപി വേൾഡിന്റെ കൊച്ചി ഐസിടിടി തുടക്കം മുതൽ 7 ദശലക്ഷം ടിഇയു കൾ കൈകാര്യം ചെയ്യുന്ന നാഴികക്കല്ലും പിന്നിട്ടു. 2023 ഡിസംബറിൽ, ഐസിടിടി 25 കണ്ടെയ്നർ നിരകൾ വരെ കൈകാര്യം ചെയ്യാൻ കഴിയുന്ന രണ്ട് അത്യാധുനിക ഷിപ്പ് ടുഷോർ (എസ്ടിഎസ് )മെഗാമാക്സ് ക്രെയിനുകൾ കമ്മീഷൻ ചെയ്തു. നാല് പുതിയ ഇആർടിജികൾക്കും വിപുലീകരിച്ച യാർഡ് കപ്പാസിറ്റിക്കും ഒപ്പം, ഈ നവീകരണങ്ങൾ വേഗത്തിലുള്ള കപ്പൽ നീക്കവും സുസ്ഥിരമായ ചരക്ക് നീക്കവും സാധ്യമാക്കും.മെച്ചപ്പെടുത്തിയ ലിഫ്റ്റ് കപ്പാസിറ്റിയും ഹാൻഡ്ലിംഗ് കഴിവുകളും ഉൽപാദനക്ഷമത ഗണ്യമായി മെച്ചപ്പെടുത്തുകയും ടെർമിനലിൽ അൾട്രാലാർജ് കണ്ടെയ്നർ വെസലുകൾ (യുഎൽസിവി) പ്രാവർത്തികമാക്കുകയും ചെയ്യും.

ദക്ഷിണേന്ത്യയിലെ വിപണികളിലേക്കും പുറത്തേക്കും ചരക്ക്നീക്കത്തിനു മുൻഗണനയുള്ള ഗേറ്റ്വേയും വളർന്നുവരുന്ന ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലും എന്നനിലയിലുള്ള ടെർമിനലിന്റെ വളരുന്ന സുപ്രധാന പങ്ക് എം എസ് സി മാരയുടെ ബെർതിംഗ് വ്യക്തമാക്കുന്നു. ഡിപി വേൾഡ് കൊച്ചിയുടെ തന്ത്രപ്രധാനമായ ഭൂമിശാസ്ത്രപരമായ സാമീപ്യം പ്രധാന കടൽപാതകളോട്, ദക്ഷിണ പടിഞ്ഞാറൻ ഇന്ത്യയിലെ വിശാലമായ വ്യാവസായിക കാർഷിക വിപണികളിലേക്കുള്ള സ്വാഭാവിക കവാടമായി ഇതിനെ മാറ്റുന്നു.



ജസ്പെയ്ഡ് കമ്പനിയുടെ നേതൃത്വത്തിൽ രൂപീകരിച്ച കർഷക കൂട്ടായ്മയുടെ നേതൃത്വത്തൽ വയനാട്ടിൽ ആരംഭിച്ച ചന്ദന കൃഷിയുടെ ഉദ്ഘാടനം ചന്ദന തൈകൾ നട്ട് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മോളി സജി ആക്കാംതിരി നിർവ്വഹിക്കുന്നു. ജസ്പെയ്ഡ് കമ്പനി ചെയർമാൻ ടി.എ.നിസ്സാർ, മാനേജിംഗ് ഡയറക്ടർ ടി.എ.നിഷാദ്, കർഷക കൂട്ടായ്മ പ്രതിനിധികൾ തുടങ്ങിയവർ സമീപം.

# ചന്ദന കൃഷി ആരംഭിച്ചു

**കൊച്ചി :** കാക്കനാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ജസ്പെയ്ഡ് കമ്പനിയുടെ നേതൃത്വത്തിൽ രൂപീകരിച്ച കർഷക കൂട്ടായ്മ വയനാട്ടിലെ മുള്ളംകൊല്ലി പാടിച്ചിറിയിൽ ചന്ദന കൃഷി ആരംഭിച്ചു. 3.5 ഏക്കർ സ്ഥലത്ത് ആയിരത്തിൽ പരം ചന്ദനതൈകളാണ് നട്ടത്. ചന്ദനതൈ നടീലിന്റെ ഉദ്ഘാടനം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മോളി സജി ആക്കാംതിരി നിർവ്വഹിച്ചു. ജസ്പെയ്ഡ് കമ്പനി ചെയർമാൻ ടി.എ.നിസ്സാർ, മാനേജിംഗ് ഡയറക്ടർ ടി.എ.നിഷാദ്, സി.ഇ.ഒ. ടി.എൻ.ഷാനിദ്, കർഷക കൂട്ടായ്മ പ്രതിനിധികൾ, കർഷക കോൺഗ്രസ് മുള്ളംകൊല്ലി ബ്ലോക്ക് സെക്രട്ടറിമാരായ ടോമി എളയമാപ്പിക്കൽ, ജയിംസ് മാപ്പനാത്ത് തുടങ്ങിയവരും പങ്കെടുത്തു. വനം വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായാണ് കൃഷിയെന്നും വിളവെടുപ്പിന് പന്ത്രണ്ട് മുതൽ 15 വർഷം വരെ വേണ്ടിവരുമെന്നും മാനേജിംഗ് ഡയറക്ടർ ടി.എ.നിഷാദ് പറഞ്ഞു.

# അറിയുവാനുള്ള നിയമപരമായ അവകാശമാണ് ആർ.ടി.ഐ നിയമം നൽകുന്നത് :ജസ്റ്റിസ് സി പ്രദീപ് കുമാർ



**കൊച്ചി :** വിവരാവകാശ നിയമം ഓരോ പൗരനും സർക്കാരിൻറെ ഏതു പ്രവർത്തനത്തെ കുറിച്ചും അറിയുവാനുള്ള നിയമപരമായ അവകാശം നൽകുന്നുവെന്ന് കേരള ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് സി. പ്രദീപ് കുമാർ അഭിപ്രായപ്പെട്ടു.ചാവറ കൾച്ചറൽ സെൻറർ, ആർ.ടി.ഐ കേരള ഫെഡറേഷൻ, പ്രവാസി ലീഗൽ സെൽ , ആൻറി കറപ്ഷൻ പീപ്പിൾസ് മൂവ്മെൻറ് എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഡി.ബി. ബിനു എഴുതിയ വിവരാകാശ നിയമം എന്ന പുസ്തകത്തിൻറെ പ്രകാശനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണം സുതാര്യമാക്കുക എന്നത് തന്നെയാണ് പരമപ്രധാന ലക്ഷ്യം. അഴിമതിയെ നേരിടാനുള്ള ഏറ്റവും വലിയ മാർഗം തന്നെയാണ് ഈ നിയമം. പക്ഷേ എത്രത്തോളം ഇത് ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു എന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു . മനുഷ്യാവകാശ കമ്മീഷൻ മുൻ ആക്ടിങ് ചെയർമാൻ പി. മോഹനദാസ് അധ്യക്ഷത വഹിച്ചു.മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെയും ബന്ധിപ്പിക്കുന്നതാണ് വിവരാവകാശ നിയമം (ആർടിഐ ആക്ട് ).ഒരു നീരാളിയെ പോലെ മനുഷ്യ സമൂഹത്തെ അഴിമതി വലിഞ്ഞ് പിടിച്ചിരിക്കുകയാണ് , ഇതിന് മാറ്റം വരണമെങ്കിൽ വിവരാവകാശ നിയമം ഫലപ്രദമായി വിനിയോഗിക്കണമെന്നും പുസ്തകത്തിൻറെ ആദ്യ പ്രതി സ്വീകരിച്ചുകൊണ്ട് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. എ .അബ്ദുൽ ഹക്കീം അഭിപ്രായപ്പെട്ടു.വിവരാവകാശ നിയമം ഉദ്യോഗസ്ഥരുടെ പരിശീലന പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് ,സ്വകാര്യ മേഖലയെക്കൂടി വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെ അദ്ദേഹം നിർദ്ദേശിച്ചു.ചാവറ കൾച്ചറൽ സെൻറർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ .,അഡ്വക്കേറ്റ് കെ എസ് ഹരിഹരൻ,അഡ്വ.എം.ആർ. രാജേന്ദ്രൻ നായർ , ശശികുമാർ മാവേലിക്കര , ഡിക്സൺ ഡിസിൽവ എന്നിവർ പ്രസംഗിച്ചു. വിവരാവകാശ നിയമ ശിൽപശാല ചാവറ കൾച്ചറൽ സെൻറർ ഡയറക്ടർ ഫാദർ അനിൽ ഫിലിപ്പ് സി എം ഐ ഉദ്ഘാടനം ചെയ്തു. ആർ ടി ഐ കേരള ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് ശശികുമാർ മാവേലിക്കര അധ്യക്ഷത വഹിച്ചു .വിവരാവകാശ നിയമം എന്ത് എന്തിന് എന്ന് വിഷയത്തിൽ ഡിബി ബിനു മുഖ്യപ്രഭാഷണം നടത്തി. .ഓൺലൈൻ വിവരാവകാശ അപേക്ഷകൾ പ്രായോഗിക പരിശീലനം എന്ന വിഷയത്തിൽ തേവര സേക്രഡ് ഹാർട്ട് കോളജിലെ അധ്യാപകൻ ജെയിംസ് വി. ജോർജ്, ഉപഭോക്ത നിയമം സാധ്യതകൾ എന്ന വിഷയത്തെക്കുറിച്ച് അഡ്വക്കേറ്റ് ജി. കിരൺ എന്നിവർ ക്ലാസ് നയിച്ചു. കെജി ഇല്യാസ്, ഹരിലാൽ, റെജി വി ജോൺ, അഡ്വക്കറ്റ് ശശി കിഴക്കട എന്നിവർ പ്രസംഗിച്ചു.

# കൊച്ചി: ട്രെയിൻ ടിക്കറ്റ് ബുക്കിങ്: പുതിയ ഫീച്ചറുകൾ അവതരിപ്പിച്ച് മേക്ക് മൈട്രിപ്പ്

**കൊച്ചി:** ട്രെയിൻ ടിക്കറ്റ് ബുക്കിങ് എളുപ്പമാക്കാനും യാത്രാനുഭവം കൂടുതൽ മെച്ചപ്പെടുത്താനുമായി പുതിയ ഫീച്ചറുകൾ അവതരിപ്പിച്ച് മേക്ക് മൈ ട്രിപ്പ്. ടെക്നോളജിഡ്രിവൻ പ്രതിവിധികളിലൂടെ ട്രെയിൻ ടിക്കറ്റ് ബുക്കിംഗുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കുള്ള ആശങ്കകളിൽ പരിഹരിക്കുന്നതാണ് ഫീച്ചറുകളെന്ന് മേക്ക്മൈട്രിപ്പിൻറെ സഹസ്ഥാപകനും ഗ്രൂപ്പ് സിഇഒയുമായ രാജേഷ് മഗോ പറഞ്ഞു.കൺഫേം ടിക്കറ്റുകൾക്കായുള്ള ബുക്കിംഗ് വിൻഡോ യാത്രയ്ക്ക് 120 ദിവസം മുമ്പ് ഓപ്പണാകുകയും, അതിവേഗം തീർന്നുപോകുകയൊ വെയ്റ്റ് ലിസ്റ്റിൽ ആവുകയോ ചെയ്യും. ഇതൊഴിവാക്കാനായി സീറ്റ് ലോക്ക് ഫീച്ചർ മേക്ക്മൈട്രിപ്പ് അവതരിപ്പിച്ചു. അതിലൂടെ നിരക്കിന്റെ 25% നൽകി കൺഫേംഡ് ടിക്കറ്റ് നേടാനാകും. ബാക്കി തുക യാത്രക്ക് 24 മണിക്കൂർ മുമ്പ് അടച്ചാൽ മതി. മേക്ക്മൈട്രിപ്പിൻറെ കണക്റ്റഡ് ട്രാവൽ ഫീച്ചറിലൂടെ ബസ്, ട്രെയിൻ യാത്രകൾ സംയോജിപ്പിച്ച്, ലേഓവർ സമയവും മൊത്തത്തിലുള്ള യാത്രാ ദൈർഘ്യവും കണക്കിലെടുത്ത് പല കോംബനേഷനുകൾ നൽകും.റൂട്ട് എക്സ്റ്റൻഷൻ അസിസ്റ്റൻസ് ഫീച്ചറാണ് മറ്റൊരു പുതുമ. ഈ ഫീച്ചറിലൂടെ ഇഷ്ടപ്പെട്ട റൂട്ടിൽ സീറ്റ് ലഭ്യമല്ലെങ്കിൽ മറ്റ് ഓപ്ഷനുകൾ കാണിച്ചുതരുന്നു. തിരഞ്ഞെടുത്ത സ്റ്റേഷനിൽ നിന്ന് ടിക്കറ്റുകൾ കിട്ടാതെ വരുമ്പോൾ ഏതാനും കിലോമീറ്റർ ചുറ്റളവിലുള്ള സ്റ്റേഷനുകളിൽ നിന്ന് ട്രെയിനുകൾ നിർദ്ദേശിക്കുന്ന സമീപ സ്റ്റേഷനുകളുടെ ശുപാർശകളും ഇതിൽ ലഭിക്കും. മാത്രമല്ല, ക്യാൻസലേഷൻ പെനാൽറ്റി ഒഴിവാക്കി ഫ്രീ കാൻസലേഷൻ ഓപ്ഷനുമുണ്ട്.

ഫുഡ് ഇൻ ട്രെയിൻ ഫീച്ചർ കൊണ്ട് യാത്ര ആരംഭിച്ചതിന് ശേഷവും യാത്രക്കാർക്ക് റെസ്റ്റോറന്റുകൾ കണ്ടെത്തി സീറ്റുകളിലേക്ക് ഫുഡ് ഡെലിവറി ലഭ്യമാണ്.

ട്രെയിൻ ട്രാക്കിംഗ്, പ്ലാറ്റ്ഫോം ലൊക്കേറ്റർ ഫീച്ചറുകളും ട്രെയിൻ യാത്രക്കാർക്ക് ഫോൺ നെറ്റ്‌വർക്ക് കിട്ടാത്തപ്പോൾപോലും ബോർഡിംഗിനും ഡീബോർഡിംഗിനും ആവശ്യമായ എല്ലാ വിവരങ്ങളും നൽകുന്നുവെന്നും രാജേഷ് മഗോ പറഞ്ഞു.



# ഫുട്ബോളിൽ മിന്നും പ്രകടനവുമായി ഇൻഫോപാർക്കിലെ ടെക്കികൾ

**കൊച്ചി:** ഇൻഫോപാർക്കിലെ വിവിധ കമ്പനികളിൽ ജോലി ചെയ്യുന്ന ടെക്കികൾ സംഘടിപ്പിച്ച കോർപറേറ്റ് ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൻറെ അഞ്ചാം ലക്കം സ്ത്രീ ശാക്തീകരണത്തിൻറെ മാതൃകയായി മാറി. ഇക്കുറി വനികൾക്ക് വേണ്ടി മാത്രമാണ് സിസിഎൽ മത്സരം സംഘടിപ്പിച്ചത്. പന്ത്രണ്ട് ടീമുകൾ മാറ്റുരച്ച ലീഗ് മത്സരത്തിൽ വിപ്രോ ടീം ഒന്നാം സ്ഥാനം നേടി.2017 മുതലാണ് രാജേഷ് സി ആർ, ജോർജ്ജ് നെൽസൺ, അതുൽ കെ സി, ശ്യാം കിഷൻ എന്നിവർ ചേർന്ന് ഇൻഫോപാർക്കിലെ കമ്പനികൾക്കായി കോർപറേറ്റ് ചാമ്പ്യൻസ് ലീഗെന്ന പേരിൽ ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. എല്ലാ ലക്കങ്ങളിലും പെനാൽട്ടി മത്സരങ്ങൾ പോലുള്ള ചെറിയ ഇനങ്ങളാണ് സ്ത്രീകൾക്കായി നടത്തുന്നത്. ഇക്കുറി സ്ത്രീകൾക്ക് തുല്യ അവസരം നൽകുന്നതിനും സ്ത്രീശാക്തീകരണത്തിൻറെ സന്ദേശം നൽകുന്നതിനും വേണ്ടിയാണ് വനിതകൾക്ക് മാത്രമായി മത്സരം സംഘടിപ്പിക്കാമെന്ന് തീരുമാനിച്ചതെന്ന് രാജേഷ് പറഞ്ഞു.

പന്ത്രണ്ട് ടീമുകളെയാണ് മത്സരത്തിനായി തെരഞ്ഞെടുത്തത്. 17 ടീമുകൾ അപേക്ഷ നൽകിയിരുന്നു. തികച്ചും പ്രൊഫഷണലായി തന്നെയാണ് ടീമുകളുടെയും ടൂർണമെൻറിൻറെയും പരസ്യപ്രചാരണങ്ങൾ ചെയ്തത്. ഓട്ടോ തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, മാലിന്യം നീക്കം ചെയ്യുന്നവർ, നഴ്സുമാർ തുടങ്ങിയ മേഖലയിലുള്ള സ്ത്രീകളെ അവരുടെ തൊഴിലിടങ്ങളിൽ പോയി കണ്ടാണ് ഫോട്ടോ ഷൂട്ട് നടത്തിയത്. സാമൂഹ്യമാധ്യമങ്ങളിലടക്കം വലിയ സ്വീകാര്യതയാണ് ഇതിനു ലഭിച്ചതെന്നും രാജേഷും ജോർജ്ജും പറഞ്ഞു.

അഞ്ചുപേരടങ്ങുന്നതായിരുന്നു ടീം. ഇൻഫോപാർക്കിന് സമീപം തന്നെയുള്ള ടർഫിലായിരുന്നു മത്സരങ്ങൾ. രാജ്യാന്തര മത്സരങ്ങൾ സമാനമായ നിലവാരത്തിലുള്ള ഗ്രൗണ്ടും അനുബന്ധ സൗകര്യങ്ങളുമാണ് ഒരുക്കിയത്. ഓരോ കളിയിലും ക്വീൻ ഓഫ് ദി മാച്ച് സമ്മാനങ്ങളും നൽകി.

തികച്ചും പ്രൊഫഷണലായുള്ള സമീപനമായിരുന്നു കളിക്കാർക്കും ഇതിനോടുണ്ടായിരുന്നതെന്ന് രാജേഷ് പറഞ്ഞു. കേരള ഫുട്ബോൾ അസോസിയേഷനിൽ നിന്നുള്ള റഫറിമാരും മറ്റ് മാച്ച് ഒഫീഷ്യൽസുമാണ് കളി നിയന്ത്രിക്കാനുണ്ടായിരുന്നത്. അവസരം ലഭിച്ചാൽ ഏതു രംഗത്തും തിളങ്ങാനാകുമെന്ന വിശ്വാസം കൂടി ഈ മത്സരങ്ങൾ നൽകിയെന്നും അവർ പറഞ്ഞു.

യുഎസ്ടി ഗ്ലോബൽ ടീമാണ് രണ്ടാം സ്ഥാനം കരസ്ഥമാക്കിയത്.വരും വർഷങ്ങളിൽ ഓൾ ഇന്ത്യ ലെവൽ കോർപറേറ്റ് ചാമ്പ്യൻസ് ലീഗ് സംഘടിപ്പിക്കാനാണ് ശ്രമം. അടുത്ത കൊല്ലം മുതൽ പുരുഷ?ാർക്കും സ്ത്രീകൾക്കും പ്രത്യേകം മത്സരങ്ങൾ ഉണ്ടാകുമെന്നും രാജേഷ് പറഞ്ഞു.

# ജവഹർ പുരസ്കാരം പ്രതീഷ് ശേഖറിന്



**കൊച്ചി:** ജവഹർലാൽ നെഹ്റു കൾച്ചറൽ സൊസൈറ്റിയുടെ ഈ വർഷത്തെ മികച്ച സിനിമാ പി ആർ ഓക്കുള്ള 'ജവഹർ പുരസ്കാരം2024' പ്രതീഷ് ശേഖറിന് ലഭിച്ചു. തിരുവന്തപുരത്തു നടന്ന ചടങ്ങിൽ മന്ത്രി. ചിഞ്ചുറാണിയാണ് പുരസ്കാര സമർപ്പണം നിർവഹിച്ചത്. മമ്മൂട്ടി കമ്പനി നിർമ്മിച്ച മമ്മൂട്ടി ചിത്രം കണ്ണൂർ സ്ക്വാഡ്, സെവൻ സ്ക്രീൻ സ്റ്റുഡിയോസ് നിർമ്മിച്ച വിജയ് ചിത്രം ലിയോ എന്നിവയുടെ പി ആർ ഓ റോളിൽ മികച്ച പ്രകടനമാണ് അംഗീകാരത്തിന് അർഹമാക്കിയത്. മാധ്യമ പ്രവർത്തകനുമായിരുന്ന പ്രതീഷ് ശേഖർ കഴിഞ്ഞ മൂന്നു വർഷമായി മലയാളത്തിലെയും സൗത്ത് ഇന്ത്യയിലെയും ചിത്രങ്ങളുടെ പി ആർ ഒ ആയി ജോലി ചെയ്യുകയാണ്.

# കെഎംഎ : ബിബു പുന്നൂരാൻ പ്രസിഡൻറ്; ഡോ.അനിൽ ജോസഫ് ഓണററി സെക്രട്ടറി





ബിബു പുന്നൂരാൻ. ഡോ.അനിൽ ജോസഫ്

**കൊച്ചി:** കേരള മാനേജ്മെൻറ് അസോസിയേഷൻ പുതിയ പ്രസിഡൻറായി ബിബു പുന്നൂരാനും (ഡയറക്ടർ, മെഡിവിഷൻ) ഓണററി സെക്രട്ടറിയായി ഡോ.അനിൽ ജോസഫും (മാനേജിംഗ് ഡയറക്ടർ,സീകോൺസ് പ്രൈവറ്റ് ലിമിറ്റഡ്) തെരഞ്ഞെടുക്കപ്പെട്ടു. മറ്റ് ഭാരവാഹികൾ: സീനിയർ വൈസ് പ്രസിഡൻറ് : കെ. ഹരികുമാർ (സിഇഒ, കോട്ടക്കൽ ആര്യവൈദ്യശാല),ഓണററി ട്രഷറർ: ദിലീപ് നാരായണൻ (മാനേജിംഗ് ഡയറക്ടർ, ഓർഗാനിക് ബിപിഎസ്). വൈസ് പ്രസിഡൻറ് : അൾജിയേഴ്സ് ഖാലിദ് (സ്ഥാപകൻ, പൂവത്ത് ഇൻറർനാഷണൽ). ഓണററി ജോ.സെക്രട്ടറി: അനിൽ വർമ്മ(ഡയറക്ടർ, വർമ്മ ഹോംസ്).ഇന്ത്യയിലെ പ്രമുഖ മാനേജ്മെന്റ് അസോസിയേഷനുകളിലൊന്നായ കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ), ന്യൂഡൽഹി എഐഎംഎ (ഓൾ ഇന്ത്യ മാനേജ്മെന്റ് അസോസിയേഷൻ) രൂപീകരണകാലഘട്ടം മുതൽ സ്ഥാപക അംഗമാണ്.






# ചൂണ്ടി മർച്ചന്റ്സ് വ്യാപാരഭൻ നാളെ ഉദ്ഘാടനം ചെയ്യും

**കോലഞ്ചേരി:** ചൂണ്ടി പരമഭട്ടാര വിദ്യാലയം റോഡിൽ പുതുതായി നിർമ്മിച്ച വ്യാപാര ഭവൻ നാളെ രാവിലെ 9.30ന് നടക്കുന്ന സമ്മേളനത്തിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യും. ഓഡിറ്റോറിയം ബെന്നി ബഹനാൻ എം.പി യും കോൺഫറൻസ് ഹാൾ പി.വി. ശ്രീനിജിൻ എം.എൽ.എ യും ഓഫീസ് ഉദ്ഘാടനം ജില്ലാ പ്രസിഡന്റ് പി.സി. ജേക്കബും ഉദ്ഘാടനം നിർവ്വഹിക്കും. ഫോട്ടോ അനാച്ഛാദനം, യൂണിഫോം വിതരണം എന്നിവയും ചടങ്ങിൽ നടക്കും. തുടർന്ന് കുടുംബ സംഗമവും പൊതുയോഗവും തെരഞ്ഞെടുപ്പും ഉണ്ടാകും. 3800 ചതുരശ്ര അടി വലിപ്പത്തിലുള്ള ഇരുനില കെട്ടിടമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഓഫീസും വ്യാപാര ഭവനും, 500 പേർക്കിരിക്കാവുന്ന ഓഡിറ്റോറിയവും സ്റ്റേജുമാണ് പൂർത്തിയായിട്ടുള്ളത്. നാളെ സമ്മേളനം അവസാനിക്കുന്നതുവരെ യൂണിറ്റിനു കീഴിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളും അവധിയായിരിക്കും. ഭാരവാഹികളായ ബാബു കുരുത്തോല, ജയ്മോൻ മാത്യു, എൻ.എൻ തങ്കപ്പൻ എന്നിവർവാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




# പുതിയ നാഴികക്കല്ല് സൃഷ്ടിച്ച് സ്കോഡ ഓട്ടോ ഫോക്സ്വാഗൺ ഇന്ത്യ

**കൊച്ചി:** സ്കോഡ ഓട്ടോ ഫോക്സ്വാഗൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഇന്ത്യയിലെ ചകനിലുള്ള കമ്പനിയുടെ അത്യാധുനിക വാഹന, എഞ്ചിൻ നിർമാണ കേന്ദ്രത്തിലെ ഉൽപാദനത്തിൻറെ എണ്ണത്തിൽ പുതിയ നാഴികക്കല്ലുകൾ സൃഷ്ടിച്ചു. പൂനെയിലെ ചകൻ പ്ലാൻറിൽ നിന്ന് 1.5 ദശലക്ഷം മെയ്ഡ്ഇൻഇന്ത്യ വാഹനങ്ങളുടെ ഉത്പാദനം സ്കോഡ ഓട്ടോ ഫോക്സ്വാഗൺ ഇന്ത്യ പൂർത്തിയാക്കി. 3,80,000 തദ്ദേശീയമായി നിർമിച്ച എഞ്ചിനുകളുടെ ഉൽപ്പാദനമെന്ന നാഴികക്കല്ലും കമ്പനി മറികടന്നു. ഫോക്സ്വാഗൺ ടൈഗൂൺ, വെർടസ്, സ്കോഡ കുഷാക്ക്, സ്ലാവിയ ഉൾപ്പെടുന്ന ഇന്ത്യ 2.0 ശ്രേണിയിൽ 3,00,000 യൂണിറ്റ് ഉത്പാദനമെന്ന നേട്ടവും സ്വന്തമാക്കി.അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ആഗോള രംഗത്ത് സ്കോഡ ഓട്ടോയുടെ ഉൽപ്പാദന വൈദഗ്ധ്യത്തിൽ ഇന്ത്യ ഒരു സുപ്രധാന പങ്കാളിയായി ഉയർന്നുവരുന്നുണ്ടെന്ന് സ്കോഡ ഓട്ടോ എ.എസ്. ബോർഡ് മെമ്പർ ഫോർ പ്രൊഡക്ഷൻ ആൻഡ് ലോജിസ്റ്റിക്സ് ആൻഡ്രിയാസ് ഡിക്ക് പറഞ്ഞു.

ആത്മനിർഭർ ഭാരത്' എന്ന ദൗത്യവുമായി ഒത്തുചേർന്ന് സമൂഹങ്ങൾക്കുള്ളിലെ വളർച്ചയ്ക്കും സമ്പത്തിനും വഴിയൊരുക്കി വാഹന നിർമ്മാണത്തിനുള്ള ആഗോള കേന്ദ്രമായി ഇന്ത്യയുടെ സ്ഥാനം ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് സ്കോഡ ഓട്ടോ ഫോക്സ്വാഗൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൻറെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പിയൂഷ് അറോറ പറഞ്ഞു.




# ഇസാഫിന് മുംബൈയിൽ കോർപറേറ്റ് ഓഫിസ്

**കൊച്ചി:** ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മുംബൈയിൽ കോർപറേറ്റ് ഓഫിസ് അനെക്സ് തുറന്നു. റിസർവ് ബാങ്ക് സെൻട്രൽ ബോർഡ് ഡയറക്ടർ സതീഷ് കെ മറാഠെ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ നബാർഡ് ചെയർമാൻ ഷാജി കെ.വി. മുഖ്യാതിഥിയായി. ഇസാഫ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് അധ്യക്ഷത വഹിച്ചു.

മുംബൈയിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിലൊന്നായ ബാന്ദ്ര കുർള കോംപ്ലക്സിലെ ജിബ്ലോക്കിൽ അദാനി ഇൻസ്പയറിലാണ് ഇസാഫിന്റെ കോർപറേറ്റ് ഓഫീസ് അനെക്സ് പ്രവർത്തിക്കുന്നത്. വാണിജ്യ തലസ്ഥാനമായ മുംബൈയിൽ ഇസാഫിന്റെ സാന്നിധ്യം ശക്തിപ്പെടുത്താനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും പുതിയ ഓഫീസ് സഹായകമാകുമെന്ന് ബാങ്ക് മേധാവി കെ. പോൾ തോമസ് പറഞ്ഞു.

കോസ്മോസ് കോ ഓപ്പറേറ്റീവ് ബാങ്ക് ചെയർമാൻ മിലിന്ദ് ആനന്ദ് കലെ, ഇസാഫ് ബാങ്ക് ഡയറക്ടർ രവി വെങ്കട്ടരാമൻ, ഇസാഫ് കോഓപ്പറേറ്റീവ് ചെയർപേഴ്സൺ സെലീന ജോർജ്, ഡയറക്ടർ സി.പി. മോഹൻ, സിഇഒ ക്രിസ്തുദാസ് കെ. വി., സെഡാർ റീട്ടെയിൽ മാനേജിങ് ഡയറക്ടർ അലോക് തോമസ് പോൾ, ഇസാഫ് ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമാരായ ഹരി വെള്ളൂർ, ഹേമന്ദ് തംത, ചീഫ് ഫിനാൻഷ്യൽ ഓഫീസർ ഗിരീഷ് സി. പി., സീനിയർ വൈസ് പ്രസിഡന്റ് ബോസ്കോ ജോസഫ്, മാർക്കറ്റിങ് ഹെഡ് ശ്രീകാന്ത് സി. കെ. എന്നിവർ സംസാരിച്ചു

# ഇന്റർവെൻഷണൽ പൾമണോളജി കോൺഫറൻസ് സമാപിച്ചു

**കൊച്ചി:** ഇന്റർവെൻഷണൽ ശ്വാസകോശ രോഗ വിദഗ്ദ്ധരുടെ 26ാമത് ദേശീയ സമ്മേളനം 'ബ്രോങ്കോകോൺ കൊച്ചി2024' സമാപിച്ചു. കുട്ടികളിലെ ശ്വാസകോശ സംബന്ധമായ അസുഖങ്ങളുടെ ഇന്റർവെൻഷണൽ രീതികൾ സമാപന ദിവസം സുപ്രധാന ചർച്ചാ വിഷയമായി.ഇന്റർവെൻഷൻ, ദൃശ്യ സങ്കേതിക വിദ്യകളിലൂടെ രോഗനിർണ്ണയത്തിലും ചികിത്സയിലുമുണ്ടായ പുരോഗതി കുട്ടികളുടെ ശ്വാസകോശ സംബന്ധമായ തകരാറുകൾക്ക് അനുയോജ്യമായ പരിഹാരങ്ങളും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് ഓർഗനൈസിംഗ് ചെയർമാൻ

ഡോ. നാസർ യൂസഫ് പറഞ്ഞു. കുട്ടികളിലെ കഠിനമായ ആസ്ത്മ ശ്വാസനാളത്തിന്റെ വീക്കം തുടങ്ങിയവയ്ക്ക്, ഇന്റർവെൻഷണൽ പൾമണോളജിയിൽ, ബ്രോങ്കിയൽ തെർമോപ്ലാസ്റ്റി പോലുള്ള നൂതന സാങ്കേതികവിദ്യകളുണ്ട്.

ഇന്ത്യൻ അസോസിയേഷൻ ഫോർ ബ്രോങ്കോളജിയാണ് ത്രിദിന സമ്മേളനം സംഘടിപ്പിച്ചത്. അക്കാദമി ഓഫ് പൾമണറി ആൻഡ് ക്രിട്ടിക്കൽ കെയർ മെഡിസിൻ (എ.പി.സി.സി.എം), കൊച്ചിൻ തൊറാസിക് സൊസൈറ്റി (സി.ടി.എസ്) എന്നിവയുടെ പിന്തുണയോടെയാണ് സമ്മേളനം നടന്നത്.ബ്രോങ്കോസ്കോപ്പി, തൊറാക്കോസ്കോപ്പി, എയർവേ ഡിസോർഡേഴ്സ്, ട്യൂമർ അബ്ലേഷൻ, നാവിഗേഷണൽ ബ്രോങ്കോസ്കോപ്പി, എയർവേ സ്റ്റെന്റുകൾ, എൻഡോബ്രോങ്കിയൽ അൾട്രാസൗണ്ട്, ശ്വാസകോശം മാറ്റിവയ്ക്കൽ, തുടങ്ങിയ ചികിത്സാ രീതികളിൽ മൂന്ന് സമാന്തര വേദികളിലായി ശാസ്ത്ര സെഷനുകളും സെമിനാറുകളും നടന്നു. ഓർഗനൈസിങ് ചെയർമാൻ ഡോ.നാസർ യൂസഫ്, ഓർഗനൈസിങ് സെക്രട്ടറി ഡോ. അഖിലേഷ് കെ, ഡോ. പരമേസ് എ.ആർ, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. റെന്നിസ് ഡേവിസ്, വർക്ക്ഷോപ്പ് കമ്മിറ്റി ചെയർമാൻ ഡോ. പ്രവീൺ വത്സലൻ, ഡോ.ഡേവിസ് പോൾ, ഡോ.അമിതാ നെനെ, ഡോ.ആർ.പി. മീന എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി. പത്ത് അന്താരാഷ്ട്ര ഫാക്കൽറ്റികളും 250 ദേശീയ ഫാക്കൽറ്റികളും വിവിധ സെഷനുകളിൽ സംസാരിച്ചു.ഇന്ത്യയിലും വിദേശത്തുനിന്നുമായി പൾമണോളജിസ്റ്റുകൾ, ഇന്റർവെൻഷണൽ പൾമണോളജിസ്റ്റുകൾ, തോറാസിക് സർജൻമാർ എന്നിവരടങ്ങുന്ന പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

# കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് ഭവന വായ്പയുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** കുറഞ്ഞ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഉതകുന്ന വിധത്തിൽ 'എസ്ഐബി ആശിർവാദ്' ഭവന വായ്പ സ്കീം പ്രഖ്യാപിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്. എസ്ഐബി ആശിർവാദ് സ്കീമിലൂടെ വാർഷിക വരുമാനം 4.80 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങൾക്കും കുറഞ്ഞ മാസവരുമാനം 20000 രൂപയുള്ള വ്യക്തികൾക്കും ഭവന വായ്പ ലഭ്യമാകും. 25 വർഷം വരെ ലഭിക്കുന്ന ഭവന വായ്പയുടെ പലിശ നിരക്ക് 10 ശതമാനത്തിൽനിന്നാണ് തുടങ്ങുന്നത്. ലക്ഷത്തിന് 909 രൂപയാണ് പ്രതിമാസ തിരിച്ചടവ്. മുൻകൂർ ചാർജുകൾ ഒന്നുമില്ലാത്ത എസ്ഐബി ആശിർവാദ് ഭവന വായ്പയുടെ നടപടിക്രമങ്ങൾ ഇടപാടുകാർക്ക് കുറഞ്ഞ സമയത്തിനുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് അറിയിച്ചു. സാമ്പത്തികമായി പല തട്ടുകളിലുമുള്ള ആളുകളുടെ വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി സൗത്ത് ഇന്ത്യൻ ബാങ്ക് പ്രതിജ്ഞാബദ്ധരാണെന്ന് ബാങ്കിന്റെ സീനിയർ ജനറൽ മാനേജരും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ ബിജി എസ് എസ് പറഞ്ഞു. 'രാജ്യത്തെ ഇടത്തരക്കാരായ വലിയൊരു ജനവിഭാഗത്തെ ലക്ഷ്യമിട്ട് പുറത്തിറക്കിയ എസ്ഐബി ആശിർവാദ് എന്ന ഭവന വായ്പയിലൂടെ ഉപഭോക്താക്കൾക്ക് വീട് നിർമാണ സമയത്ത് പൂർണമായ സാമ്പത്തിക പരിഹാരം നൽകാൻ സൗത്ത് ഇന്ത്യൻ ബാങ്കിന് സാധിക്കും. തിരിച്ചടവിനുള്ള മതിയായ സമയവും സൗകര്യവുമാണ് വായ്പ ദീർഘ കാലത്തേക്ക് അനുവദിക്കുന്നതിലൂടെ ഉറപ്പ് വരുത്തുന്നത്.' ബിജി എസ് എസ് അഭിപ്രായപ്പെട്ടു.

# പേടിഎം: വരുമാനം 25% ഉയർന്ന് 9,978 കോടി രൂപയായി

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ പേയ്മെന്റ്, ധനകാര്യ സേവന വിതരണ കമ്പനിയായ പേടിഎം 2024 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിലെയും 2024 സാമ്പത്തിക വർഷത്തെയും ഫലങ്ങൾ പ്രഖ്യാപിച്ചു. കമ്പനിയുടെ പ്രധാന ബിസിനസ്സ് പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം 25% വർദ്ധിച്ച് 2024 സാമ്പത്തിക വർഷത്തിൽ 9,978 കോടി രൂപയായി. ഊർജിതമാക്കിയ ജിഎംവി, പുതിയ ഉപകരണങ്ങൾ, സാമ്പത്തിക സേവന വിതരണ ബിസിനസിന്റെ വിപുലീകരണം എന്നിവയാണ് വളർച്ചയെ നയിച്ചതെന്ന് കമ്പനി അധികൃതർ അറിയിച്ചു




കാരുണ്യ ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ജനസേവ വിട്ടു നൽകിയ സ്ഥലത്തേക്കുള്ള വഴിയുടെ ആധാരം ജനസേവ ചെയർമാൻ ജോസ് മാവേലിയും പ്രസിഡന്റ് അഡ്വ. ചാർളി പോളും ചേർന്ന് നെടുമ്പാശ്ശേരി പഞ്ചായത്ത് പ്രസിഡണ്ട് എ.വി. സുനിലിന് കൈമാറുന്നു. പഞ്ചായത്ത് മെമ്പർ അബിത മനോജ്, ബീന ഷിബു തുടങ്ങിയവർ സമീപം

## ജനസേവ കാരുണ്യഭവന പദ്ധതിയിൽപെട്ട ഭവനങ്ങളിലേക്ക് റോഡ് നിർമ്മാണത്തിനായി പഞ്ചായത്തിന് സ്ഥലം വിട്ടു നല്കി

**കൊച്ചി:** ജനസേവ കാരുണ്യ ഭവന പദ്ധതിയിൽ പെട്ട കുടുംബങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ജനസേവ വിട്ടു നല്കി. ഇതിനായി 19 സെൻറ് സ്ഥലമാണ് ജനസേവ സൗജന്യമായി വിട്ടു നൽകിയത്. സ്ഥലത്തിന്റെ ആധാരം ജനസേവ ചെയർമാൻ ജോസ് മാവേലിയും പ്രസിഡണ്ട് അഡ്വ. ചാർളി പോളും ചേർന്ന് പഞ്ചായത്ത് പ്രസിഡണ്ട് എ. വി. സുനിലിന് കൈമാറി. 2016 ൽ ആരംഭിച്ച കാരുണ്യ ഭവന പദ്ധതി പ്രകാരം ജനസേവ 3 സെൻറ് വീതം സ്ഥലം ഭവനരഹിതരായ ഇരുപതോളം നിർധന കുടുംബങ്ങൾക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ 7 കുടുംബങ്ങൾ ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി താമസം ആരംഭിച്ചിട്ടുണ്ട്. വഴിയുടെ ആധാരം നടപടികൾ പൂർത്തിയായ സ്ഥിതിക്ക് ഇവരുടെ ഭവനങ്ങളിലേക്കുള്ള വഴി എത്രയും പെട്ടെന്ന് ടാർ ചെയ്ത് നൽകുമെന്ന് പഞ്ചായത്ത് പ്രസിഡണ്ട് സുനിൽ പറഞ്ഞു. പഞ്ചായത്ത് മെമ്പർമാരായ അബിത മനോജ്, ബീന ഷിബു, ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ആൻറണി കയ്യാല തുടങ്ങിയവർ പങ്കെടുത്തു.

## വാച്ച്മാൻ, കുക്ക്, എഫ്.ടി.എസ് തസ്തിക; വാക്ക് ഇൻ ഇന്റർവ്യൂ ഇന്ന്

**മൂവാറ്റുപുഴ:** ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന് കീഴിലുള്ള പിണവൂർകുടി, മാതിരപ്പിള്ളി, നേര്യമംഗലം എന്നീ പ്രീമെട്രിക്ക് ഹോസ്റ്റലുകളിലും, കറുകടം പോസ്റ്റ്മെട്രിക്ക് ഹോസ്റ്റൽ, എറണാകുളം മൾട്ടി പർപ്പസ് ഹോസ്റ്റൽ എന്നിവിടങ്ങളിലും ദിവസ വേതന വ്യവസ്ഥയിൽ വാച്ച്മാൻ, കുക്ക്, എഫ്.ടി.എസ് തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി എറണാകുളം ജില്ലയിൽ സ്ഥിര താമസക്കാരായ യുവതിയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.ഉദ്യോഗാർത്ഥികൾ ഏഴാം ക്ലാസ് ജയിച്ചവരും 18 വയസ് പൂർത്തിയായവരും 41 വയസ് കവിയാത്തവരുമായിരിക്കണം. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ വയസ്, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, മറ്റു യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും, പകർപ്പുകളും സഹിതം മേയ് 28 ചൊവ്വ രാവിലെ 11 ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, മുടവൂർ പി ഒ, മൂവാറ്റുപുഴ 686669 എന്ന ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂ ന് ഹാജരാകണം. വിവരങ്ങൾക്ക് 0485 2970337 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം. പട്ടികവർഗ്ഗക്കാർക്ക് മുൻഗണന ഉണ്ടായിരിക്കും. ഫുഡ് ക്രാഫ്റ്റ് ഡിപ്ളോമ ഉള്ളവർക്ക് കുക്ക് തസ്തികയിലേക്ക് മുൻഗണന. ഹോസ്റ്റലിൽ താമസിച്ച് ജോലി നിർവ്വഹിക്കേണ്ടതാണെന്ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അറിയിച്ചു.




ആഗോള ജ്വല്ലറി ബ്രാൻഡായ ജോയ്ആലുക്കാസ് ടെക്സസിലെ ഡല്ലാസിൽ പുതുതായി പ്രവർത്തനമാരംഭിച്ച ഷോറൂമിന്റെ ഉദ്ഘാടനം കൗണ്ടി കമ്മീഷണർ സൂസൻ ഫ്ളെച്ചർ നിർവ്വഹിക്കുന്നു. ഡെപ്യൂട്ടി മേയർ ടോണി സിംഗ്, കൗൺസിൽ വുമൺ റ്റാമ്മി മെയ്നെർഷാഗൻ, ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് തുടങ്ങിയവർ സമീപം.

# 33ാമത് കുസാറ്റ് അഖിലേന്ത്യ ഫിഡേ റേറ്റഡ് ചെസ്സ് ടൂർണ്ണമെന്റ് ആരംഭിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല കായിക വിദ്യാഭ്യാസ വകുപ്പും കുസാറ്റ് ചെസ്സ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച 33ാമത് കുസാറ്റ് രാജ്യാന്തര ചെസ്സ് മത്സരം ഇന്നലെ, മെയ് 27 ന് ആരംഭിച്ചു. രാവിലെ 10 ന് കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ. പി.ജി. ശങ്കരൻ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ കുസാറ്റ് രജിസ്ട്രാർ പ്രൊഫ.ഡോ. വി.ശിവാനന്ദൻ ആചാരി, ഡോ. ശശി ഗോപാലൻ, ഡോ. എസ്.എം സുനോജ്, ഡോ.നിമ്മി ജോർജ്, ഡോ. ജൂഡി എം.വി എന്നിവർ പങ്കെടുത്തു. ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഫിഡെ റേറ്റഡ് ടൂർണ്ണമെന്റാണ് കുസാറ്റ് ചെസ്സ്. മൂന്ന് ലക്ഷം രൂപമൊത്തം സമ്മാനത്തുകയുള്ള ഈ മത്സരത്തിന് രാജ്യത്തിന്റെ 12 വിവിധസംസ്ഥാനങ്ങളിൽ നിന്നായി 620 കളിക്കാർ പങ്കെടുക്കുന്നു. ഗ്രാന്റ് മാസ്റ്റർമാരായ പി. ഹരികൃഷ്ണ, ആർ. ആർ ലക്ഷ്മണൻ, ദീപൻ ചക്രവർത്തി, എം. ആർ വെങ്കടേഷ്,എസ്. എൽ നാരായൺ, നിഹാൽ സരിൻ, ഇനിയൻ പി, ഭൂപേഷ് ആനന്ദ് തുടങ്ങിയ ചെസ് പ്രതിഭകൾ കുസാറ്റ് ചെസ്സിന്റെ അങ്കകളരിയിൽ പയറ്റിയവരാണ്. മെയ് 30 ന് നടക്കുന്ന സമാപന ചടങ്ങിൽ സ്റ്റേറ്റ് ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. പ്രദാപ്കുമാർ പ്രദീപ്ത മുഖ്യാതിഥി ആകും.




മത്സരത്തിലെ ചാമ്പ്യന് 30,000/ രൂപ ക്യാഷ് അവാർഡും ട്രോഫിയും നൽകും. ജനറൽ കാറ്റഗറിയിൽ 30,000/ രൂപ, 25,000/ രൂപ, 20,000/ രൂപ തുടങ്ങി 30 ക്യാഷ് അവാർഡുകളും അണ്ടർ 10, അണ്ടർ 15, 1640 റേറ്റിങ്ങിന് താഴെ, 1880 റേറ്റിങ്ങിന് താഴെ, അൺ റേറ്റഡ് എന്നീ വിഭാഗത്തിൽ 33 സമ്മാനങ്ങൾ നൽകും. മികച്ച വെറ്ററൻ, മികച്ച സീനിയർ സിറ്റിൻ, മികച്ച വനിത എന്നിവർക്കും ക്യാഷ് അവാർഡുകൾ നൽകും.

# പ്രാക്ടിക്കൽ കഴിഞ്ഞ് രണ്ടാംനാൾ ഫലം പ്രസിദ്ധീകരിച്ചു കേരള സർവകലാശാല

**തിരുവനന്തപുരം:** പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞ് രണ്ടാംദിനം പരീക്ഷാഫലം പ്രസിദ്ധീകരിച്ച കേരള സർവകലാശാലയുടേത് ചരിത്ര നേട്ടമെന്ന് മന്ത്രി ബിന്ദു പറഞ്ഞു. വെള്ളിയാഴ്ച പ്രാക്ടിക്കൽ പരീക്ഷ അവസാനിച്ച ആറാം സെമസ്റ്റർ ബിഎസ്സി പരീക്ഷകളുടെ റിസൾട്ടാണ് സർവകലാശാല ഞായറാഴ്ച പ്രസിദ്ധീകരിച്ചത്.

പ്രാക്ടിക്കൽ, വൈവ എന്നിവ പൂർത്തിയായി ഏറ്റവും കുറഞ്ഞ ദിവസത്തിൽ ഫലപ്രഖ്യാപനം നടത്തിയെന്ന നേട്ടമാണ് ഇതിലൂടെ കേരള സർവകലാശാല കൈവരിച്ചത്. ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎ, ബി.എസ്സി കരിയർ റിലേറ്റഡ് കമ്പ്യൂട്ടർ സയൻസ്, ബിസിഎ, ബിബിഎ ലോജിസ്റ്റിക്സ് എന്നിവയുടെ പരീക്ഷാഫലവും ഇതോടൊപ്പം സർവകലാശാല പ്രസിദ്ധീകരിച്ചു.

എംജി, കലിക്കറ്റ് സർവകലാശാലകൾ റെക്കോർഡ് വേഗത്തിൽ ഫലപ്രഖ്യാപനം നടത്തി കേരളത്തിന് അഭിമാനമായി നിൽക്കുന്ന വേളയിലാണ് കേരള സർവകലാശാലയുടെയും തിളക്കമാർന്നയീ മുന്നേറ്റമെന്നും മന്ത്രി പറഞ്ഞു.

# കൊച്ചി കപ്പൽശാലയ്ക്ക് എസ്ഒവി നിർമ്മാണത്തിനുള്ള അന്താരാഷ്ട്ര ഓർഡർ

**കൊച്ചി :** ഇന്ത്യയിലെ പ്രമുഖ കപ്പൽശാലയായ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന് യുകെ ആസ്ഥാനമായുള്ള ഓഫ്ഷോർ റിന്യൂവബിൾ ഓപ്പറേറ്ററായ നോർത്ത് സ്റ്റാർ ഷിപ്പിംഗിൽ നിന്ന് മറ്റൊരു അഭിമാനകരമായ അന്താരാഷ്ട്ര ഓർഡർ ലഭിച്ചു. വിൻഡ് ഫാമിൽ വിന്യസിക്കുന്നതിനായുള്ള ഹൈബ്രിഡ് ടഛരഢ യാനങ്ങൾ നിർമിക്കുന്നതിനുള്ള കരാർ ആണ് ലഭിച്ചിരിക്കുന്നത്. നോർത്ത് സ്റ്റാർ ഷിപ്പിംഗിന് വേണ്ടി സീമെൻസ് ഗമെസപ്രവർത്തിപ്പിക്കുന്ന, സഫോൾക്ക് തീരത്ത് സ്ഥിതി ചെയ്യുന്ന, സ്കോട്ടിഷ് പവർ റിന്യൂവബിൾസ്സ് ഓഫ്ഷോർ വിൻഡ് ഫാമിൽ വിന്യസിക്കുന്നതിനായുള്ള വെസ്സൽ ആണ് കൊച്ചിയിൽ നിർമിക്കുക. കപ്പൽ നിർമാണ കരാറിൽ അത്തരം രണ്ട് കപ്പലുകൾ കൂടി നിർമിക്കാൻ കരാർ ചെയ്യാനുള്ള അവസരമുണ്ട്. നോർത്ത് സ്റ്റാർ ഈ വർഷം ആദ്യം കൊച്ചിൻ ഷിപ്പ്‌യാർഡുമായി മറ്റൊരു ഹൈബ്രിഡ് ടഛരഢ കരാർ ഉണ്ടാക്കിയിരുന്നു.



സുസ്ഥിരവും ഹരിതവുമായ ഊർജ്ജ പരിഹാരങ്ങളിലേക്ക് ലോക ശ്രദ്ധ തിരിയുമ്പോൾ, കടൽത്തീര പുനരുപയോഗ ഊർജ വിഭാഗത്തിന്റെ വികസനത്തിലും ആഗോള ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഹൈബ്രിഡ് സർവീസ് ഓപ്പറേഷൻ വെസ്സലുകളുടെ ഉപയോഗം വളരുന്നതും ഇടഘ പ്രയോജനപ്പെടുത്തുകയാണ് .അതിൽ ഓഫ്ഷോർ സപ്പോർട്ട് വെസലുകളുടെ നിർമാണത്തിൽ തെളിയിക്കപ്പെട്ട ട്രാക്ക് റെക്കോർഡുമായി കൊച്ചി കപ്പൽ ശാല വിദേശ വിപണികളിൽ മുന്നേറ്റം തുടരുകയാണ് .

850 ഹൈബ്രിഡ് ടഛരഢകൾ നോർവേയിലെ ഡഅഞ്ഞഉ അട ആണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കടലിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദന നടത്തുന്ന വ്യവസായത്തിന്റെ അനുബന്ധ സേവനം, പരിപാലനം, പ്രവർത്തന ആവശ്യങ്ങൾ എന്നിവയ്ക്കായി രൂപകല്പന ചെയ്ത് നിർമ്മിക്കുന്നതാണ് യാനങ്ങൾ. ഇതിൽ ഹൈബ്രിഡ് ഇലക്ട്രിക് പ്രൊപ്പൽഷൻ സിസ്റ്റത്തിന് 4 നമ്പർ ഡീസൽ ജനറേറ്റർ സെറ്റുകളും വലിയ ലിഥിയം ബാറ്ററി പായ്ക്കുമുണ്ട്, ഇത് വലിയ അളവിൽ ഉദ്വമനം കുറയ്ക്കാൻ സഹായിക്കുന്നു. ഉചഢ കംഫർട്ട് റേറ്റിംഗും ഡൈനാമിക് പൊസിഷനിംഗ് സിസ്റ്റവും ഉള്ള 80 ടെക്നീഷ്യൻമാരെയും ജീവനക്കാരെയും ഉൾക്കൊള്ളാൻ കഴിയുന്ന, ഉയർന്ന നിലവാരമുള്ള ഇന്റീരിയറുകൾ കപ്പലുകൾക്ക് ഉണ്ടായിരിക്കും.

നിലവിൽ ഒരു യൂറോപ്യൻ കക്ഷിക്കായി 2 കമ്മീഷനിംഗ് സർവീസ് ഓപ്പറേഷൻ വെസലുകൾ നിർമ്മിച്ച് കൊണ്ടിരിക്കുന്ന സമയത്ത് തന്നെയാണ് പുതിയ കരാർ ലഭിച്ചിരിക്കുന്നത്. ടഛരഢ യുടെ കരാറിനൊപ്പം, സുസ്ഥിരമായ പരിഹാരങ്ങളിലേക്കുള്ള ഉയർന്ന നിലവാരമുള്ളതും ആഗോള പുനരുപയോഗ ഊർജ വിഭാഗത്തിൽ ഉൾപെടുന്നതുമായ വെസലുകളുടെ നിർമാണ മേഖലയിൽ, ഇടഘ അതിന്റെ കാൽപ്പാടുകൾ ശക്തിപ്പെടുത്തുന്നു എന്നതിനുള്ള തെളിവാണ് പുതിയ യൂറോപ്യൻ കരാർ.

'ഉയർന്ന നിലവാരമുള്ള കപ്പലുകൾ കൃത്യസമയത്തും ബഡ്ജറ്റിനുള്ളിലും എത്തിക്കുന്നതിലെ കൊച്ചി കപ്പൽശാലയുടെ അസാധാരണമായ ട്രാക്ക് റെക്കോർഡ് കാരണം ഈ രണ്ടാമത്തെ എസ്ഒവി പദ്ധതി ഏറ്റെടുക്കാൻ ഞങ്ങൾ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിനെ തിരഞ്ഞെടുത്തു. അവരുടെ വൈദഗ്ധ്യവും തെളിയിക്കപ്പെട്ട കഴിവുകളും സുസ്ഥിരമായ സമുദ്ര പരിഹാരങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഞങ്ങളുടെ കാഴ്ചപ്പാടുമായി തികച്ചും യോജിക്കുന്നു. ഉപഭോക്താക്കളുടെ വർധിച്ചു കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ ഞങ്ങൾ തുടർന്നും നിറവേറ്റുന്നുവെന്നും ഹരിത ഭാവിയിലേക്ക് ക്രിയാത്മകമായി സംഭാവന ചെയ്യുന്നുവെന്നും ഉറപ്പാക്കുമെന്നും യൂറോപ്യൻ കമ്പനി ആയ നോർത്ത് സ്റ്റാറിന്റെ ചീഫ് ടെക്നോളജി ഓഫീസർ ജെയിംസ് ബ്രാഡ്ഫോർഡ് കൂട്ടിച്ചേർത്തു.

## പാഠപുസ്തകങ്ങൾ മേയ് 31 നകം സ്കൂളിൽ നിന്നും കൈപ്പറ്റണം

**കൊച്ചി :** എല്ലാ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകൾക്കുള്ള 202425 വർഷത്തെ പാഠപുസ്തകങ്ങൾ വിദ്യാലയങ്ങളിൽ എത്തിയിട്ടുണ്ടെന്നും എല്ലാ വിദ്യാർത്ഥികളും മേയ് 31 നകം പാഠപുസ്തകങ്ങൾ കൈപ്പറ്റണമെന്നും എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. അൺഎയ്ഡഡ് വിദ്യാലയങ്ങൾ ഹബ്ബിൽ നിന്നും പുസ്തകങ്ങൾ കൈപ്പറ്റി മേയ് 30നകം വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണെന്നും വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു.

## പഠനോപകരണങ്ങൾക്ക് പ്രത്യേക ധനസഹായം; അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 202425 അധ്യയന വർഷത്തിൽ എൽ.കെ.ജി, ഒന്നാം ക്ലാസ് എന്നിവയിൽ പുതുതായി അഡ്മിഷൻ നേടുന്ന കുട്ടികൾക്ക്

പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രത്യേക ധനസഹായം നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, അഡ്മിഷൻ നേടുന്ന സ്കൂളുകളിൽ നിന്നും ലഭ്യമാക്കിയ സാക്ഷ്യപത്രം/സ്കൂളിൽ നിന്നും ലഭിക്കുന്ന രസീത് എന്നിവ സഹിതം ജൂൺ 10നകം അപേക്ഷകൾ സമർപ്പിക്കണം. അപേക്ഷയോടൊപ്പം അംഗത്തിന്റെ അംഗത്വ കാർഡിന്റെ പകർപ്പ്, അംശാദായം അടച്ച ക്ഷേമനിധി പാസ്ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം. അംഗങ്ങളുടെ നിലവിലുള്ള ഫോൺ നമ്പറും, ബാങ്ക് അക്കൗണ്ടുമാണ് നൽകേണ്ടത്. അല്ലാത്ത പക്ഷം ആനുകൂല്യം നിഷേധിക്കും. സംശയങ്ങൾക്ക് 9947406826 നമ്പറിൽ ബന്ധപ്പെടുക.




## കുസാറ്റ്: നാക്ക് ചെയർമാൻ പ്രൊഫ.എം.വി.പൈലി അവാർഡ് മേയ് 30ന് പ്രൊഫ.ടി.പ്രദീപിന് സമ്മാനിക്കും

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ പ്രൊഫ. എം പി പൈലി അവാർഡ് 2023 ചെന്നൈ ഐഐടിയിലെ പ്രൊഫസർ പത്മശ്രീ ഡോ. ടി.പ്രദീപിന് മേയ് 30 ന് നടക്കുന്ന ചടങ്ങിൽ നാക്ക് ചെയർമാൻ അനിൽ സഹസ്രബുദ്ധെ സമ്മാനിക്കും. കുസാറ്റിലെ പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വിഭാഗം ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് 2:00 ന് നടക്കുന്ന ചടങ്ങിൽ മന്ത്രി പി.രാജീവ്, മന്ത്രി ആർ.ബിന്ദു, നാക്ക്, എൻ.ഇ.ടി.എഫ് ചെയർമാൻ പ്രൊഫ.അനിൽ സഹസ്രബുദ്ധെ, കുസാറ്റ് വൈസ് ചാൻസലർ ഡോ.പി.ജി.ശങ്കരൻ, രജിസ്ട്രാർ വി.ശിവാനന്ദൻ ആചാരി, ഐ.ക്യു.എ.സി ഡയറക്ടർ സാം തോമസ്, സിൻഡിക്കേറ്റ് അംഗം ഡോ.പി.കെ.ബേബി തുടങ്ങിയവർ പങ്കെടുക്കും.

പ്രൊഫ. എം പി പൈലി അവാർഡ് കുസാറ്റ് ഏർപ്പെടുത്തിയത് മുൻ വൈസ് ചാൻസലർ പത്മഭൂഷൺ പ്രൊഫ.എം.വി. പൈലിയുടെ പേരിലാണ്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും മെമൻറോയും അടങ്ങുന്നതാണ് അവാർഡ്. വിദ്യാഭ്യാസ വിചക്ഷണൻ, അന്തർദേശീയ ഗവേഷകൻ, സ്ഥാപനമേധാവി, ശാസ്ത്രവും സമൂഹവും തമ്മിലുള്ള വിടവ് നികത്തുന്ന ശാസ്ത്രജ്ഞൻ എന്നീ നിലകളിലെ രാജ്യത്തെ അക്കാദമിക വിദഗ്ധരുടെ സംഭാവനകളെ ആദരിക്കുന്നതിനായി എല്ലാ വർഷവും അവാർഡ് നൽകുന്നു.ഇ എൻ ഐ അവാർഡ് (2023), വിൻഫ്യൂച്ചർ പ്രൈസ് (2022), പ്രിൻസ് സുൽത്താൻ ബിൻ അബ്ദുൽ അസീസ് ഇന്റർനാഷണൽ പ്രൈസ് ഫോർ വാട്ടർ (2022), നിക്കി ഏഷ്യ പ്രൈസ് (2020), ബോസ് നാഷണൽ ഫെലോഷിപ്പ് (2015) എന്നിവ നേടിയിട്ടുള്ള ഡോ. പ്രദീപ് മലപ്പുറത്തെ പന്താവൂരിലാണ് ജനിച്ചത്. തൃശൂർ സെന്റ് തോമസ് കോളേജിൽ ബിഎസ്സിയും കോഴിക്കോട് ഫാറൂഖ് കോളേജിൽ എംഎസ്സിയും പൂർത്തിയാക്കിയ അദ്ദേഹം പ്രൊഫ. സി.എൻ.ആർ. റാവുവിന്റെ കീഴിൽ ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് കെമിക്കൽ ഫിസിക്സിൽ പിഎച്ച്ഡി നേടി. കാലിഫോർണിയ സർവകലാശാലയിലും ഇന്ത്യാനയിലെ പർഡ്യൂ സർവകലാശാലയിലും അദ്ദേഹം പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തി. അതിനു ശേഷം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം ഇപ്പോൾ ഐഐടി മദ്രാസിലെ പദവിയായ ഇൻസ്റ്റിറ്റ്യൂട്ട് പ്രൊഫസർ സ്ഥാനം അലങ്കരിക്കുന്നു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com